പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1501 — 06-03-2017-ലെ മറുപടിയ്ക്ക്

**വരൾച്ച നേരിടാൻ നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എൻ.ഷംസീർ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) വരൾച്ച നേരിടാൻ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) വരൾച്ചയെ നേരിടുന്നതിന് വിവിധ തലത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ജലസംരക്ഷണം, ജലപുനരുപയോഗം, മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിക്കുക, തടയണകൾ നിർമ്മിക്കുക, ലഭ്യമായ ജലം പരമാവധി യുക്തിസഹമായി വിനിയോഗിക്കപ്പെടുക എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. കൂടാതെ വരൾച്ച പ്രതിരോധിക്കുന്നതിനും കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നൂതന സാങ്കേതിക ഉപാധികളായ PPFM (Pink Pigmented Facultative Methylotrophic Bacteria) VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>അടുത്ത സീസണിൽ കൃഷിയിറക്കുന്നതിനുള്ള വിത്ത് ഉൽപാദിപ്പിക്കുവാനും ശേഖരിച്ചുവെച്ച് യഥാസമയം കർഷകർക്ക് ലഭ്യമാക്കുമെന്ന് ഉറപ്പാക്കുവാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി സ്റ്റേറ്റ് സീഡ് അതോറിറ്റിയും നാഷണൽ സീഡ്സ് കോർപ്പറേഷനും ചേർന്ന് സംയുക്ത കരാർ ഉണ്ടാക്കി കഴിഞ്ഞു.<br><br>കൂടാതെ പരമാവധി കർഷകരെ ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളും നടന്നു വരുന്നു. |
| (ബി) ജനപങ്കാളിത്തത്തോടെ ഒരു ദീർഘകാല പദ്ധതിയുടെ അടിസ്ഥാനത്തിലാണോ ഇത് നടപ്പിലാക്കുന്നത്; | (ബി) അതെ. |

| | | | |
|---|---|---|---|
| **(സി)** | വിദ്യാർത്ഥികളുടെ പങ്കാളിത്തം ജലസംരക്ഷണ ജലസേചന പരിപാടികളിൽ വർദ്ധിപ്പിക്കാൻ ഏതെങ്കിലും കർമ്മ പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | **(സി)** | ഉണ്ട്. വിദ്യാലയങ്ങളിലെ കാർഷിക ക്ലബുകൾ വഴി ഇതു സംബന്ധിച്ച് ബോധവൽക്കരണവും പ്രായോഗിക പരിചയവും നൽകി വരുന്നുണ്ട്. ഈ വരുന്ന വർഷം ഈ ക്യാമ്പയിൻ വിപുലീകരിച്ച് നടപ്പിലാക്കും. |

സെക്ഷൻ ഓഫീസർ